വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളുടെ ടൂറിസം സാദ്ധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ടൂറിസം മേഖലയുടെ വാണിജ്യവിപണന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഡിജിറ്റൽ ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ടൂറിസം മേഖലയുടെ വാണിജ്യ വിപണന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വകുപ്പ് ഡിജിറ്റൽ ടൂറിസം രംഗവും ഏറെ ഉപയോഗപ്പെടുത്തുന്നുണ്ട്. ടൂറിസം വകുപ്പ് നടത്തിവരുന്ന ഡിജിറ്റൽ പ്രചരണ പരിപാടികളും ഇതിന് ഉദാഹരണമാണ്. ഫേസ്ബുക്ക്, യുട്യൂബ്, ട്വിറ്റർ, ഇൻസ്റ്റഗ്രാം എന്നീ മാധ്യമങ്ങളും ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. സോഷ്യൽ മീഡിയ ഓൺലൈൻ ടൂറിസം പ്രചരണവും വകുപ്പ് നടത്തി വരുന്നുണ്ട്. പുതിയ ഒ.ടി.ടി. സംവിധാനവും പ്രചരണ രംഗത്ത് ഉപയോഗിച്ചുവരുന്നുണ്ട്.

**ഗുരുവായൂർ മണ്ഡലത്തിൽ കായൽ ടൂറിസം പദ്ധതി**

124(4134) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വിനോദസഞ്ചാരത്തിന് ഏറെ സാദ്ധ്യതയുള്ള ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചക്കംകണ്ടം, ചേറ്റുവ തുടങ്ങിയ കായൽ പ്രദേശങ്ങളെ ഉൾപ്പെടുത്തി കായൽ ടൂറിസം പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) നിലവിൽ പരിഗണനയിലില്ല. പ്രസ്തുത പദ്ധതിയുടെ ടൂറിസം സാദ്ധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വിനോദസഞ്ചാര പദ്ധതികൾ**

125(4135) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വിനോദസഞ്ചാര പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly